**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5734** **24-03-2025 - ൽ മറുപടിയ്ക്ക്**

**വീടിന്റെ ഓണർഷിപ്പ് മാറ്റുന്നതിന് ഓൺലൈൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വീട് കൂടി ഉൾപ്പെടുന്ന വസ്തു വിൽക്കുമ്പോൾ വീടിന്റെ ഓണർഷിപ്പ് മാറ്റാനുള്ള അപേക്ഷ ഓൺലൈൻ മുഖേന സബ് രജിസ്ട്രാർ ഓഫീസിൽ നിന്ന് നേരിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാക്കാൻ നിലവിൽ സോഫ്റ്റ്‌വെയറിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി പ്രസ്തുത സൗകര്യം ഓൺലൈനിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ഇല്ല.<br><br>സംസ്ഥാനത്തെ നഗരസഭകളിലും കോർപ്പറേഷനുകളിലും കെ-സ്മാർട്ട് സംവിധാനം വഴിയും, ഗ്രാമപഞ്ചായത്തുകളിൽ ILGMS സംവിധാനം വഴിയും സിറ്റിസൺ ലോഗിനിലൂടെ വീടിന്റെ ഓണർഷിപ്പ് മാറ്റാനുള്ള അപേക്ഷ ഓൺലൈൻ മുഖേന നൽകാവുന്നതാണ്. സബ് രജിസ്ട്രാർ ഓഫീസിൽ നിന്ന് നേരിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓൺലൈനായി വീടിന്റെ ഓണർഷിപ്പ് മാറ്റുന്നതിനുള്ള അപേക്ഷ ലഭ്യമാക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഉടമസ്ഥാവകാശ കൈമാറ്റം നടത്തിക്കിട്ടുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സേവനാവകാശ നിയമപ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിൽ പരമാവധി 30 ദിവസത്തിനുള്ളിൽ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതാണ് . |

സെക്ഷൻ ഓഫീസർ